(ബി,സി) നിർമ്മാണ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. ഇതിൽ ഇഷ്ടിക തൊഴിലാളികളും പെടും. വിശദാംശങ്ങളും പരിശോധിച്ചു വരുന്നതേയുള്ളു.

കയർത്തൊഴിലാളി ക്ഷേമനിധിയിലേക്കു നീക്കിവെച്ച തുക

* 355. [414] ശ്രീ. കെ. മൂസ്സക്കുട്ടി :
,, വി. കേശവൻ :
,, വി. ജെ. തങ്കപ്പൻ :
,, സി. കെ. തങ്കപ്പൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളിക്ഷേമനിധിലേക്കു ഈ വർഷം എത്ര രൂപ നീക്കി വെച്ചിട്ടുണ്ട് ;

(ബി) ഈ ക്ഷേമനിധിയുടെ ആനുകൂല്യം 1983-84 വർഷത്തിൽ എത്ര പേർക്കു നൽകിയിട്ടുണ്ട് ;

(സി) ക്ഷേമനിധിയുടെ ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കയർ തൊഴിലാളി ക്ഷേമനിധിയിലേക്കു 1985-86 സാമ്പത്തിക വർഷത്തിലേക്കു 80,000 രൂപ നീക്കിവെച്ചിട്ടുണ്ട്.

(ബി) ഈ ക്ഷേമപദ്ധതിപ്രകാരം 1983-84 സാമ്പത്തിക വർഷത്തിൽ 111 പേർക്കു ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അവ പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ

* 356. [415] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾ എത്ര ;

(ബി) കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ കൃത്യമായ എണ്ണം ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly